
# കരളിന്റെ കാഹളം

കെ. തരുവായി, P. U. C.




ഓമലേ ! കരളിന്റെ
കാഹളം കുറിക്കട്ടെ
മാമകഹൃദയത്തിൽ
തൂലികയിറക്കി ഞാൻ,
നാട്ടുനീതികൾക്കെതി-
രായൊരിക്കലും നമ്മൾ
കൂട്ടുകൂടരുതത്രെ !
നീളുന്നു നിഷേധങ്ങൾ !
പരമാണുവിൽ നിന്നും
പ്രപഞ്ചത്തോളം ചിന്തി-
ച്ചുരിയ സയൻസിന്റെ
ദീപ്തവേദിയിലൂടെ,
ഉന്നത സംസ്കാരത്തിൻ
ഞാണൊലി മുഴക്കിക്കൊ-
ണ്ടിന്നിലൂടനുസ്യൂതം
മനുഷ്യൻ വളരുമ്പോൾ

ഇന്നലെപ്പുഴകിയൊ-
രാചാരമുഷ്ടാദകൾ–
ക്കൊന്നിനും സാധിക്കില്ല
നമ്മളെയകറ്റുവാൻ.
നിർമ്മലസ്നേഹത്തിന്റെ
പൊന്നോടക്കുഴലൂതും
നമ്മളിൽ ജീവിക്കുന്നീ
പ്രപഞ്ചം മുഴുവനും !
പുതിയോരുഷസ്സിന്റെ
തേരുകൾ വലിച്ചെത്തും
കുതിരക്കുളമ്പടി
കേട്ടുവോ കിഴക്കീന്നു് !
അതിലൂടതിധീര-
മണയും തലമുറ-
യ്ക്കുയിരു,മുന്മേഷവും
നമ്മളിൽ ലഭിക്കുന്നു !
പുതിയോരുഷസ്സിന്റെ
തേരുരുൾ വലിച്ചെത്തും
പുളകത്തിമപ്പുറേറാ-
രാവെള്ളക്കുതിരകൾ !
അവയെത്തടുക്കുവാൻ
സാദ്ധ്യമല്ല,വമേന്മേ
ലവകാശത്തിൻ മുദ്രാ-
വാക്യങ്ങൾ മുഴക്കുന്നു.

നിർമ്മലസ്നേഹത്തിന്റെ
നിർവൃതി പൂത്തുള്ളൊരാ
നിർവ്വാണവനികയിൽ
നമ്മളൊക്കെയും തുല്യം.
ജാതിയും മതവുമി-
ല്ലവിടെ പണത്തിന്റെ-
യാധിപത്യവുമില്ല
മനുഷ്യനവൻ മാത്രം....!!
നീതിക്ക്, പണമുള്ളോർ
നിർമ്മിച്ച നീതിക്കി,ങ്ങ

ഗീതികൾ പാടില്ലാരും
കാൺമൂഞാനാസ്വർഗ്ഗത്തെ
കോമളേ, പേടിക്കാതെ
പതറാതവിടേക്കു
നാമടിവെച്ചെത്തുക
നീങ്ങട്ടെ നിഷേധങ്ങൾ
ജീവിക്കാൻ പ്രേരിപ്പിക്കും
സ്നേഹിക്കാൻ പഠിപ്പിക്കും
ഭൂമിയിൽ; മനുഷ്യന്റെ
നീതിയാണെനിക്കിഷ്ടം!!

# കർത്തവ്യം



**കെ. എം. എൻ. നമ്പൂതിരി, U. P. C.,**
**ഒളമതിൽ**

കേട്ടതില്ലെന്നോ കഷ്ട ! -
        മിനിയും, മാതാവിന്റെ-
യാർത്തനാദത്തിൻ ശബ്ദം
        വീരപുത്രരേ നിങ്ങൾ ?
അമ്മതൻ പാതിവ്രത്യ-
        ഭംഗമോ വീരന്മാരാം
നിങ്ങൾ തൻ നികടത്തിൽ-
        സ്സഹിക്കാൻ കഴിയുന്നു !
അണിയൂ പടച്ചട്ട;-
        യെടുക്കൂ തോക്കും വാളു;-
മണയൂ പടനിലം—
        കാഹളം മുഴങ്ങുന്നു.
പനിനീരലരിനാൽ
        വന്ദ്യമാം മൃദുകരം
വിറയില്ലൊരിക്കലും
        തോക്കതിൽ കരേറുമ്പോൾ.
ആർഷഭാരതത്തിന്റെ
        മണ്ണാണി; തദ്ധ്യാത്മിക-
പുഷ്യരാഗമീ ജല-
        രാശിതൻ സമ്പത്തത്രേ.
ആർഷഭാരതത്തിന്റെ
        സ്വാതന്ത്ര്യമിതു കാക്കാ-
''നേഷ്യതൻ പ്രകാശ''ത്തിൻ
        നാളങ്ങൾ പതറുന്നോ ?

എത്രയോ ദശാബ്ദങ്ങ-
ളുണ്ണാതെ, യുറങ്ങാതെ
പോരരുനോവനുഭവി-
ച്ചല്ലിനാമിതു നേടി ?
ഇന്നു നാം മറക്കുക
ഭിന്നിപ്പും കലഹവും;
ധന്യമാമൈക്യത്തിന്റെ
മഹിമാവോർമ്മിക്കുക.
ഇന്നു നാമിന്ത്യക്കാരാ-
ണിന്ത്യക്കാർ മാത്രം; ബാപ്പു
ധന്യമാം വെന്നിക്കൊടി
നാട്ടിയ നാട്ടിൻ മക്കൾ
പാരതന്ത്ര്യത്തിൻ ഗാഢ-
ലോഹശൃംഖല, വെറും
സ്നേഹവായ്പിനാൽ രാകി-
മുറിച്ച നാട്ടിൻ മക്കൾ
കേട്ടതില്ലെന്നോ കഷ്ട !-
മിനിയും, മാതാവിന്റെ-
യാർത്തനാദത്തിൻ സ്വനം
വീരപുത്രരേ നിങ്ങൾ ?

## II

‘പഞ്ച ശീല’ത്തിൻ തത്വമൊപ്പിട്ടകയ്യാൽ; തോക്കിൻ-
കാഞ്ചികൾ വലിയ്ക്കുനാം, വഞ്ചകർക്കെതിരായി.
നിച്ചലുമഹിംസതൻ സംഗീതമൊഴുക്കിയൊ-
രിച്ചെറുരാജ്യം വീര ഗാനമിന്നുതിർക്കട്ടെ !
തച്ചോളിയൊതേനന്റെ രക്തവും, ചൈതന്യവു-
മിച്ചെറുനാടിൻ സിരയ്ക്കുള്ളിലൂടൊഴുകട്ടെ !
പാടത്തു കൈക്കോട്ടേന്തി മണ്ണിനെ ജയിച്ചകൈ
വാട്ടുമോ വിറയ്ക്കുമോ കേവലം തോക്കേന്തുമ്പോൾ ?

കാടത്തം തുളുമ്പുന്ന പാത്രമിതുടയ്ക്കുമ്പോൾ
ഗാഢമാ,മിരുമ്പിന്റെ ബന്ധിതു പൊട്ടീടുമോ ?
ദാരിദ്ര്യപ്പിശാചിനെ കാട്ടുകേററിയ കര-
മീരണഭൂവിൽത്തോററു താഴ്വാൻ പോകുന്നില്ല.

കേൾക്കുവിൻ മാതാവിന്റെ
ദീനരോദനം നിങ്ങ-
ളോർക്കുവിൻ കർത്തവ്യങ്ങൾ
വീരരാം യോദ്ധാക്കളെ !
ഭാരതമാതിൻ മക്ക-
ളാണുനാം; 'മഹാത്മാ'വിൻ
ധീരരാം പിൻഗാമികൾ,
ബുദ്ധന്റെ കുടുംബക്കാർ !

## III

ഇല്ലൊ;രിക്കലും പതറാത്തതാണീനാടി;തിൻ
പല്ലവി കേട്ടിട്ടും നീ പോകാത്തതത്യത്ഭുതം !
യുദ്ധവൈമുഖ്യംപൂണ്ടു മടങ്ങും കിരീടിയിൽ
ബദ്ധവൈരിയെ വെല്ലാൻ പ്രേരണ ചെലുത്തിയ
കൃഷ്ണദേവനെപ്പെററ ഭാരതം മറക്കുമോ
ദുഷ്ടതയ്ക്കെതിരായിത്തൻകരമുയർത്തുവാൻ ?
ശത്രുവിന്നെതിരായി മൂവേഴുപ്രാവശ്യമീ-
യാർഷഭാരതം സർവ്വം ചുററിയ മഹാരഥൻ;
ഭാർഗ്ഗവരാമൻ തീർത്ത നാടിന്റെ സന്താനങ്ങൾ
തീർക്കാതെ വിട്ടേക്കുമോ നിങ്ങൾതന്നഹങ്കാരം!

കേട്ടതില്ലെന്നോ കഷ്ട !-
മിനിയും മാതാവിന്റെ
യാർത്തനാദത്തിൻ ശബ്ദം
വീരപുത്രരേ നിങ്ങൾ ?

ഭാരതമാതിൻ മക്ക-

ളാണന്നോ; മഹിമസ തൻ

പാൽ കുടിച്ചമരത്വം-

സിദ്ധിച്ച ധീരോദാത്തർ.

ആരുമില്ലിവിടത്തിൽ

ക്ഷീണിതർ; അബലക-

ളാരുമില്ലിന്ത്യാനാട്ടിൽ

ധീരരാണെല്ലാവരും.

ഇന്നു നാമൊന്നിയ്ക്കുക,

തോക്കെടുക്കുക; നിറ-

കണ്ണുമായ് വിളിയ്ക്കുന്നു


മാതാവു സമീപത്തിൽ!

## IV

ഝാൻസിതൻ ധൈര്യം കോലും സ്ത്രീകളാണിവിടത്തിൽ,
''പഞ്ചാബിൻ സിംഹ''ത്തിൻെറ പുത്രരാം പുരുഷന്മാർ
എന്തിനവിരയ്ക്കണം തോക്കെടുക്കുവാൻ; നോക്കു
വെന്നുരുകുന്നു ''മധുരപ്പതിനേഴിൻ പെണ്ണങ്ങൾ''.†

# നിർവൃതി

പി. എസ്സ്. ഉണ്ണി, II B. Sc.



മാണിക്യപ്പൊന്നുമായ് പഞ്ചമിയെത്തിയാ-
മൂവന്തിപ്പെണ്ണിൻെറ മാറിൽ ചാർത്താൻ.
ആ നീലപ്പന്തലിലപ്സരകന്യമാ-
രീണത്തിൽ കിന്നരരാഗമാർന്നു.

എന്നാത്മവീണയിലിക്കിളി പാകുവാ-
നിന്നു കിലുങ്ങിയാക്കൈവളകൾ.
മുഗ്ദ്ധവികാരങ്ങൾ കാതിലൊഴുകുന്നു
സ്നിഗ്ദ്ധമാം നൂപുരാരാവരാഗം.

ഈ രാസലീലയിൽ ചുംബനമേല്ക്കുവാ-
നാശകൾ പുഷ്പിച്ചു കാത്തിരുന്നു
എന്തിനോ വേണ്ടിക്കൊതിച്ചിതേ മോഹമി-
ന്നാരെയോ കാത്തു മധുവൊരുക്കി.

തിങ്ങുമപാരതയാർന്നുള്ള വീഥിയി-
ലിന്നു പറന്നെൻെറ പൊൻകിനാക്കൾ.
നിർവൃതി തൻ മടിത്തട്ടിലുറങ്ങുവാൻ-
പാറുന്ന വെള്ളിപ്പറവകൾ പോൽ.

ധനുവിലെ പുലരിയാൾ തട്ടിയുണർത്തിയ
കുളിരിളം കാററു പറഞ്ഞുതന്നു :

ആകാശ ഗംഗ തന്നാക്കളിവീട്ടിലെ-
വാടാത്ത വള്ളിക്കുടിലിലൊന്നിൽ.

ഒരു കൊച്ചു റാണിയെപ്പോലവരാം മേവുന്നൂ-
തളിരട്ട യൌവ്വനമെത്തമേലെ.

വീണടിഞ്ഞീടു നീ ശപ്തവികാരമേ!
ഭഗ്നവിഷാദമേ വിസ്മൃതിയിൽ !!

ആരക്തഗണ്ഡയായ്, മുഗ്ദ്ധയായ് ബന്ധുര-
ശ്രീതിരണ്ടീടുന്നൊരാസ്യവുമായ്.
ചേലിൽ ഞാൻ കാൺകവേയുള്ളിയിട്ടെത്തിനാരം
ചാപല്യമെന്ന ഗ്രസിക്കവാനായ്!

പൊള്ളിയ്ക്കും വേദന മാമകാത്മാവിൽ വ-
ന്നള്ളിപ്പിടിച്ചു ഹാ നോവിച്ചപ്പോരം.
പുൽക്കൊടിയായി ഞാൻ ശോകത്തിൻ തള്ളലിൽ-
തൽത്തുമ്പിൽ മുററിത്തെളിഞ്ഞു ബാഷ്പം.

കരളുതുടിക്കവേ വിറയാർന്നു കണ്ണുമെൻ-
തലതാഴ്ത്തിനിന്നു ഞാൻ ദീനനായി.
അതുമാത്രമന്ത്യമെന്നാശയെന്നു ഞാ-
നോതിയൻ ഹൃത്തുമറിഞ്ഞിടാതെ.

പ്രേമത്തിൻ കോവിലിൽദ്ദേവതയായ് നിന്നെ
മാമക സ്വപ്നം ഹാ കണ്ടിരുന്നു.
വിറയാർന്നു നീട്ടിയെൻ ഹൃദയചഷകം ഞാൻ
നിർവൃതി നീയന്നണഞ്ഞതില്ല.

ഗദ്ഗദംവാഴ്കെ വിതുമ്പിയെന്നാത്മാവു-
മദ്ഗത ശോക വിഷാദമെല്ലാം.
ഇല്ല വിഷാദം നീ കൈകരം നീട്ടീടുകി-
ന്നെല്ലാം മറന്നു ഞാനാശ്ലേഷിക്കാം.

ഈ മണിത്തേരിലിന്നേരവേ സൌന്ദര്യ-
ധോരണിയേകന്നിതഞ്ജലികരം.

കൺമുന്നിൽ കാണുന്നു നാകാനുഭൂതികരം-
നൈമിഷികത്വം വെടിഞ്ഞിതല്ലോ!
ഇപ്രേമമേകം തെളിച്ചത്തിലൂടെ ഞാ-
നെത്തുന്നു നിൻ ലതാമണ്ഡപത്തിൽ.

നീ പാനപാത്രത്തിൻ മുന്തിരിച്ചാറുമെ-
ന്നാശതൻ കോവിലിൽ കൈത്തിരിയും.
ഇത്തിരി നീലനിലാവെൻ നിശയിലും
മുത്തണിക്കൈകളാലേകിയല്ലോ!

പാടലമോഹനമാമൃദു ചുണ്ടിതി-
ലൂറിയൊരു കൊച്ചു മന്ദഹാസം.
നൂറുകിനാക്കൾക്ക മുക്തിയെ നേരവെ
വേരറ്റെൻ ഹൃത്തിൽ വിഷാദലേശം.

നാദപ്രണവവിലീനമാത്മാവിനെ-
പ്പോലെന്റെ ചേതന നിർവൃതിയിൽ.
കണ്ണീരിലാർദ്രമാം പുഞ്ചിരിയേകിയ-
ന്നെല്ലാം മറന്നു തലചരിച്ചും.

അന്നെന്റെ മോഹങ്ങൾ മുക്തമായ്ത്തീരവേ-
യെന്നുമുലാവുമീ വിൺതലത്തിൽ.
എന്നിലെയെന്നെ ഞാൻ നിന്നിൽ ദർശിക്കവേ-
യെന്നാത്മാവിന്നു കൃതാർത്ഥമാവും!!

# സൃഷ്ടിസങ്കല്പം —

പി. ധർമ്മദാസ്, P. U. C. I

പകലോൻ മന്ദം മന്ദം മറയാൻ തുടങ്ങുന്നു,
പകലിൻ പരിഭവമംബരെ തങ്ങീടുന്നു.

പാലസ്തീൻ നദിയുടെ തീരത്തിലതാകാണ്മൂ,
ജാലികന്മാരെല്ലാരും വെറുകയ്യായ് നില്ക്കുന്നു.
നിസ്തേജരാകുന്നല്ലൊ മുക്കുവക്കുടുംബങ്ങൾ,
നിശ്വാസമല്ലാതൊന്നും കിട്ടിയില്ലവർക്കിന്നു്.
കടലിൻ കരയിലായുഴറും മിഴിയൊടു—
മിടറുംകണ്ഠത്തോടുമാനഭസ്സിനെ നോക്കി,
നനഞ്ഞുഭാരംതൂങ്ങും വലകൾ താങ്ങിക്കൊണ്ടു്
പിണഞ്ഞ വിനയോർത്തു മൂകരായിരിക്കുന്നു.

വീശിവീശിയീക്കൈകൾ കുഴഞ്ഞു, പക്ഷെ, കൊച്ചു
*"മീശയാൻ"പോലും കാഴ്ചകാണുവാൻ കണ്ടീലല്ലീ.
ആശതന്നൊടുക്കത്തെ കണ്ണിയുമിതാപൊട്ടി,
ഈശനെഗതിയുള്ള പാവങ്ങൾ! നിരാലംബർ!!


കുങ്കുമപ്പൊടിവാരിച്ചിതറി സായംസന്ധ്യ,
ശങ്കപൂണ്ടതുംനോക്കി മുക്കുവരൊന്നായ് നിന്നു.
അങ്ങൊരുതേജപുഞ്ജം കാണുമാറായി, കണ്ണു—
മഞ്ഞളിക്കുകയായി, കൈവിരൽ ചൂണ്ടി ചിലർ.
കൊച്ചല താളം മീട്ടു മാമണൽപരപ്പതി—
ലച്ചുസുന്ദരമായ പാദങ്ങൾ കാണാകുന്നു.

അഴലിൻനിറമാർന്ന നീണ്ടവസ്ത്രവുംതാങ്ങി—
ആഴി തൻ തീരത്തിലായ് നീങ്ങുവതാരാണാവോ?

തേജപുഞ്ജത്തെ ചുംബി കൈവിരലുയർന്നല്ലോ,
തേജസ്വി സസുസ്മിതമടക്കാൻ തുടങ്ങുന്നു.
''ദേവനാണത്ത യേശുദേവനാ''ണേകസ്വര
മേവരിൽനിന്നും,പൊങ്ങി കൈകൾമൊട്ടുകളായി
ആയിരം നയനങ്ങളുയർന്ന പ്രതീക്ഷയോ—
ടാമണൽ തട്ടിൽ കാൽമുട്ടൂന്നിക്കൊണ്ടവർനിന്നു.
കൈപൊക്കി കർത്താവവർക്കാശിസ്സുനല്കി, ദിവ്യ—
ചൈതന്യമാർന്നാമണൽത്തീരവും ജനങ്ങളും.
കല്പിച്ചു ദിവ്യൻ; ''നോക്കിനില്ലുവതെന്തേ, കൈക—
ളുല്പതിക്കട്ടെ വല വീഴട്ടെ പുഴയിങ്കൽ
കറങ്ങിക്കറങ്ങിയമീൻവലയൊന്നായങ്ങ്,
കടലിൽ കയത്തിലേക്കുക്കോടെ കുതിച്ചെത്തി.
കാരിരുമ്പൊക്കും കൈകളാവല വലിക്കുമ്പോൾ,
കാണുമാറായി വെള്ളിമീനുകൾ ! പിടക്കുന്നു.
പുഞ്ചിരി പൂണ്ടു യേശു ചൊല്ലിനേ''നീ മർത്ത്യൻെറ
സന്തോഷമാണീ സൃഷ്ടിസങ്കല്പമെല്ലാമെല്ലാം''.

# തകർന്ന സ്വപ്നങ്ങൾ

രാജൻ, കൊളത്തറ, Final B. Sc.



അമ്പിളിച്ചോലയിൽ മുങ്ങിക്കുളിച്ച പൊൻ-
ചെമ്പകപ്പൂക്കൾ ലസിച്ചരാവിൽ
അങ്കണത്തൈമാവിലാദ്യത്തെ മാമ്പൂക്ക-
ളെല്ലാം മറന്നു ചിരിച്ചനാളിൽ.
കുഞ്ഞാറ്റക്കുരുവികളവർ ചെല്ലച്ചില്ലയിൽ
സ്വർഗ്ഗപ്രപഞ്ചം രചിച്ചുനിന്നു.
"സ്നേഹിപ്പതില്ലയോ നിന്നെ ഞാൻ ജീവന്റെ-
ജീവനായോമലേ; ജീവിതത്തിൽ
നീമതി, നീമാത്രമെന്റെ വെൺതാരമേ
റാണിയാ"യാൺകുയിൽ ചൊന്നുമെല്ലെ.

കാവ്യംകുറിയ്ക്കും മധുഹാസ രാവതിൽ
നാണിച്ചു നിന്നുപോയ് പെൺകുരുവി.
എന്തൊരു സ്വർഗ്ഗീയ വാചാലമൂകത!
മഞ്ജുളമാമുഷ: സന്ധ്യയോ നീ!
എന്തൊരു നാകീയ രാഗവിലോലത
തുള്ളിത്തുളുമ്പുന്നു കാട്ടുപൂവേ!

കണവൻ കുരുവിയെ നോക്കി മയക്കും
കവിത തുളുമ്പും കണ്ണുകളിൽ
കവിളിൽ, ചുണ്ടിൽ മധുഹാസത്തിൽ
വിരിഞ്ഞുനിന്നു സ്വപ്നങ്ങൾ
ഒരുനോട്ടത്തിലുലഞ്ഞു ചിരിച്ചൊരു
മഴവിൽക്കൊടിയുടെ ചന്തത്തിൽ
ലഹരി പിടിച്ചവനറിയാതറിയാ;—
തവളിൽ സ്വർഗ്ഗമൊതുങ്ങുന്നോ?
കത്തും ദാഹമടക്കാനാവോ
മുത്തം ചാർത്തി ചുണ്ടിണയിൽ

..................................................

മയങ്ങിവീണു തേങ്കനി തിന്നാ-
കുരുവിപ്പെൺ; പൂക്കിങ്ങിണിയിൽ

ഒരുകോപ്പ വീഞ്ഞിന്റെ ലഹരിയിലവസാന-
മധരങ്ങൾ പൊട്ടിച്ചിരിച്ചു !
മധുരിക്കുമൊരു കൊച്ചു സ്വപ്നത്തിലേറിയാ-
നിനവുകൾ കോരിത്തരിച്ചു !
മണിവീണമീട്ടി തന്നണിവിരൽ ത്തുമ്പിനാൽ
മധുരാനുഭൂതികൾ മെല്ലെ !

പൊങ്ങിപ്പറന്നുപോയാൺകുരുവി, തിങ്കളിൽ
ചക്രം ചലിക്കുന്നു നീലവാനിൽ,
സ്വർഗ്ഗത്തിൽനിന്നു വന്നീമണ്ണിലെത്തിയ-
തല്ലയോ ? താരിളം തെന്നൽ വീശി-
വീണുറങ്ങീടുന്ന സ്വപ്നതല്പങ്ങളിൽ
പ്രേമാനുഭൂതികൾ വീണമീട്ടി.
മാഞ്ഞുമാഞ്ഞമ്പിളി വിണ്ണിൽ ലയിക്കവേ
കാററിന്റെ ചുണ്ടുകൾ മന്ത്രമോതി :
“പൂവേ തുലയുന്നു നിൻമോടി നാളെ നീ
വീണപൂവ്വായിക്കരിഞ്ഞുപോവും
എന്തിനീ നാട്യം പരിഹാസമെന്തിനു
ചിന്തിക്കെന്നോമനക്കൊച്ചു റാണി ”
പൂമരച്ചില്ലയിലൊരുകിളിയപ്പോഴ-
മാരെയോ കാത്തു കിടന്നിരുന്നു.

.........................................................

അക്കരെക്കുന്നിന്റെ മാറിൽ വെളിച്ചത്തിൻ
പിഞ്ചുകഞ്ഞൊന്നു പിറന്നു വീണു.
ചോരയിൽ കൈകാൽ കുടഞ്ഞവളാദ്യമാ-
യീലോകം നോക്കിക്കരഞ്ഞുപോയി.
ആരു നീ മായികേ, എത്ര സ്വപ്നങ്ങൾ നീ
വീശിയ വാളേററു വീണുപോയി.

പൂത്തകിനാവുകൾ
വാട്ടും കരളുമായ്
കാത്തിരുന്നകൊച്ചുപക്ഷി!

മുററത്തെ ത്തൈന്മാവിൽ
താരകൾക്കൊപ്പം, ഹാ
കണ്ണുനീർ തൂകിയാപ്പേട!

ചക്രവാളത്തിനു-
മപ്പുറത്തെത്തുന്ന
ശബ്ദത്തിലക്കിളി പാടി!

"നാഥാനീയെങ്ങുപോ-
യറിയാതെ, യെന്നെയീ
ലോകത്തിലിട്ടേച്ചു ദൂരെ!"

..........................................

..........................................

..........................................

കരളുരുക്കുന്നൊരാ
കുരുവിതൻ ഗാനത്തിൽ
കരയാത്ത കണ്ണുകളില്ല!


കഠനം കഥിയ്ക്കുമാ
കുരുവിതൻ കഥകേട്ടു
നനയാത്ത മാനസമില്ലാ!

# THE PITIFUL DREAMER

P. V. RAJGOPAL

WHEN I close my eyes in broad daylight and dream
I see only marble fountains, hundreds of them
Spouting purple water. Why purple water I do not know
I've asked those who are experts at dreams and dreamers
The meaning of this. But each gives a different interpretation
Thereby showing that none can really decode a dream
But I was rather impressed with one explanation – that
Given by an expert who looked a Biblical figure
Who had just strayed into our century. He said that
Every fountain conceals a slain Adonis and the water
Of the fountain mixes with his unpolluted blood
And gushes out to add colour to the garden. But then
Why resurrect dear Adonis and slay him in every fountain
That springs upon earth. And why should I be singled out
as the cursed dreamer?

# തീർത്ഥയാത്ര



മേപ്പയ്യൂർ കുഞ്ഞമ്മദ്, I B. Sc.

i

പുണ്യതീർത്ഥം കഴിഞ്ഞുഞാൻ ഗംഗയെ-
പ്പുൽകിയെത്തിയിക്കേദാരഭൂവിൽ
നീലക്കായലിന്നിക്കിളിപാകിയി-
ന്നേലക്കാടിനു് രോമാഞ്ചമേകി;

മാരിവില്ലിൻനിറമാർന്നു് നർത്തന-
മാടും മാലാഖമാരുടെ നാട്ടിൽ,
ഭാരതത്തിൻ ചരിത്രംതിരുത്തിയ
വീരശൂരർ പിറന്നൊരിമ്മണ്ണിൽ;
വഞ്ചകരാം പറങ്കികൾ തോറ്റോര-
ക്കാഞ്ചനാങ്കിതമാം മലബാറിൽ,
വേലുത്തമ്പിതൻ പൊന്നുടവാളിൻ
'ഝിൽ' 'ഝിൽ' നാദം മുഴങ്ങിയമണ്ണിൽ,
അങ്ങു് മഞ്ഞണിമാമലതാണ്ടിഞാ-
നിങ്ങണഞ്ഞ കഥപറയുമ്പോൾ
വീരശൂരരാം നിങ്ങളിലിന്ത്യതൻ
വേദനകൾകുറിക്കൊള്ളുമെങ്കിൽ
തീർത്ഥയാത്ര ഫലപ്രദമാവുമെ-
ന്ന(ർത്ഥനകൾ ചെവിക്കൊള്ളുമെങ്കിൽ!)

ii

അന്നുഞാനരംഭിച്ച തീർത്ഥയാത്രയിലെന്റെ
കണ്ണിണ നനയിച്ച കഥകൾ കേട്ടും കണ്ടും,
വന്നിതിന്നാട്ടിൽ പുത്തൻ കൈത്തിരികത്തിയ്ക്കുവാ-
നിന്ത്യതന്നാത്മാവിലെ നീറ്റലിന്നൊപ്പീടുവാൻ!

കാളരാത്രിയാണന്നെൻ ഭാരതാംബയെച്ചുടു-
ചോരയിൽ കുളിപ്പിച്ച ദുർദ്ദിനം—മായുന്നില്ല ;
കരളിൽ പേടിപ്പിക്കും ചിത്രങ്ങളുണർത്തുന്നോ-
രിരവിൻ പേക്കോലങ്ങൾ ചീനർതൻപടക്കോപ്പും !
വെടിയുണ്ടകൾ—ചീറും വിഷപ്പാമ്പുകൾ—ചീനർ
തുടരെത്തുടരെത്തീയുണ്ടകളൊഴിച്ചപ്പോൾ,
കൂരിരുട്ടിനെ മുറിച്ചിരവിൽ വെള്ളിപ്പാമ്പിൻ
വീരരേഖകൾ വരച്ചുരികൾ മുന്നേറുമ്പോൾ,
അമ്പരന്നില്ലെൻ നാട്ടിൻ ധീരരാം ജവാന്മാര-
ന്നമ്പരന്നില്ലന്നൊട്ടും ഭാരതാംബതൻ മക്കൾ !!
അന്നു ഞാൻ തുടങ്ങിയിത്തീർത്ഥയാത്രയെൻ നാട്ടി-
ലെന്നുടെ ഹൃൽസ്പന്ദങ്ങളറിയാനറിയിക്കാൻ !
കാവിയും, കവിടിയും, മാലയുമില്ലെൻ മാറി-
ലീവിശാലമാം മണ്ണിലൂടെ ഞാനലയുമ്പോൾ.
കാതുകൾ തുറന്നു ഞാൻ കേൾക്കവാ,നെൻനാടിന്റെ
ചേതനപാടും സമരാങ്കണ ഗീതങ്ങളെ !
മിഴികൾ—നനവുള്ള—മിഴികൾ തുറന്നു ഞാൻ
മികവുറ്റോരെൻ നാടിൻ ചലനം കാണാനെന്നും !

മഞ്ഞണിഞ്ഞൊരാവെള്ളിമലയിൽ കൈലാസത്തിൻ
മഞ്ജുള മലർമണ്ണിൽ നിന്നുഞാനാരംഭിച്ചു ;
തിരമാലകൾ കന്യാദേവിതൻ പാദങ്ങളിൽ
നുരയാം വെള്ളിപ്പൂക്കളർപ്പിക്കും സായാഹ്നത്തിൽ,
ചെന്നുഞാനെത്തുംവരെപ്പറയാനുണ്ടെൻനാടിൻ
ചിന്തകൾ വഹിക്കുമെൻ ചേതനക്കേറെക്കാര്യം.
ദില്ലിയിൽ ച്ചെങ്കോട്ടതൻ മുകളിൽ പാറിപ്പറ-
ന്നുല്ലസിക്കുമക്കൊടിക്കാവേശംപകരുവാൻ,
വെണ്ണിലാവിലെക്കാവ്യമാഗ്രതൻ 'താജിൻ' മുററ-
ത്തിത്തിരി നേരംനിന്നെൻ നാടിനെപ്പുകഴ്ത്തുവാൻ,
രാജഘട്ടിലെദ്ദിവ്യക്ഷേത്രമണ്ഡപത്തിന്റെ
ചാരത്തായൊരുതുള്ളിക്കണ്ണുനീർപൊഴിക്കുവാൻ,
മാരിവില്ലുകൾ മിന്നും നാകമക്കാശ്മീരത്തിൻ
'ഷാലിമാർ' ഉദ്യാനത്തിൽ തെല്ലിടയിരിക്കുവാൻ,

പഞ്ചാബിലണക്കെട്ടിൽ വൈദ്യുതപ്രവാഹത്തിൻ
പിഞ്ചിളം കരങ്ങളിൽ മുത്തമിട്ടുണത്തുവാൻ,
മാമാങ്കമാടും നാട്ടിൽ, ചേരമാൻ പെരുമാളിൻ
വീരകേരള നാട്ടിൽ, ഞാനലഞ്ഞിടുന്നേരം ,
അറിയും നാട്ടിന്നോരോ ചലനങ്ങളും, വീണ്ടു-
മറിയിച്ചിട്ടും നാടിൻവിളിഞാനോരോ പേക്കും :
" ഭാരതം വിളിയ്ക്കുന്നു, വീരരേപൊരുതുവാൻ
ധീരമായടരാടാൻ ചീനരെത്തുരത്തുവാൻ "

iii


കണ്ണുനീരിൽക്കുതിർന്നോരെന്നിന്ത്യതൻ
മണ്ണിൽപ്പുത്തൻ വിളവെടുത്തീടുവാൻ
പൂക്കൾ വാടിക്കൊഴിഞ്ഞൊരീ വാടിയിൽ
വീണ്ടും തെച്ചികൾ, മുല്ലകൾ പൂക്കുവാൻ,
ഭാരതാംബതൻ മാറിൽപ്പതിഞ്ഞൊര-
ച്ചോരപ്പാടുകൾ (കണ്ണുനീ) രൊപ്പുവാൻ,
മഞ്ഞണിഞ്ഞൊരാമാമലയ്ക്കപ്പുറ-
ത്താഞ്ഞടിയ്ക്കും കൊടുങ്കാറ്റിലിന്ത്യതൻ ;
കൈത്തിരികൾ കെടാതെ കത്തിയ്ക്കുവാൻ,
പൂത്തിരികൾ കൊളുത്തുമെൻ കയ്യുകൾ ! !
തീർത്ഥയാത്ര തുടരുകയാണു ഞാ-
നർത്ഥനകളുമേന്തിയിന്നാടിതിൽ,
ഭാരതത്തിൻ ചരിത്രംതിരുത്തിയ-
വീരകേരള മക്കളുണരുവാൻ.

# TOWARDS THEISM?

P. V. RAJGOPAL

THE other night I watched a lizard creeping
groggily on my indoor aerial
How it reminded me of a Georgian girl wire-walking
In a Russian circus that came to town some years ago!!
She was far from groggy though, in red velvet tights
And chiffon blouse with a Japanese umbrella to steady her.
At that time Stalin ruled her land and how!!
She was so exotic, so sedate and so maidenly
And I a youngster then, buttonholed her near a cage
Where a Polar bear sat amidst some chunks of ice.
I smiled a boyish smile and asked her name
In the language of the Anglo-Saxons who ruled us then.
She smiled back as the Georgians do I ween
Exposing the top row of pearl white teeth the while
She bit the centre of her upper lip and said
"Rada". I laughed (and that was boyish too) and whispered
"That sounds very much like a Hindu name
The beloved of Krishna in Brindhavan days"
She asked me mine and when she heard it, said
"Alas! why of all names that? In our Soviet land
That name is banned since we did away with Tsars"
She produced a large caramel from her pocket
Embroidered with fleur-de-lis, and broke it with
Her stubby fingers into two, and gave me half
And sucked the other half herself.
We giggled — she and I and she cooed 'goodbye'
As she romped away to a little tent close by.
"Goodbye" — that means God be with you
Does that also mean that the Russians believe in God?

# *യാഗാശ്വം!



യു. കലാനാഥൻ, B. Sc.
(പൂർവ്വവിദ്യാർത്ഥി)

കല്പന, സ്വർഗ്ഗീയാനുഭൂതിതൻ ശൂന്യാകാശ-
കപ്പലിൽ, ഗോളം ചുററിക്കറങ്ങും നിമിഷത്തിൽ-
വക്കിലൂടഭിമാനജൃംഭിത മെന്നാത്മാവിൻ-
വിസ്തൃത നയനത്താലൂഴിയെ യുഴിഞ്ഞപ്പോൾ,
പഞ്ചവത്സരയാഗാശ്വങ്ങൾതൻ കുളമ്പടി-
നെഞ്ചകം കുളിപ്പിപ്പൊരിന്ത്യയെക്കണ്ടു താഴെ!
യന്ത്രശാലകൾ തോറും സർഗ്ഗശക്തിതൻ ദിവ്യ-
മന്ത്രങ്ങൾ ചൊല്ലീ, വേർപ്പിൻ തുള്ളികൾ ഹോമിക്കുമ്പോൾ;
ഉദ്ഗമിക്കുമാധൂമപടലം, പ്രയത്നത്തിൻ-
ദിഗ്ജയക്കൊടിക്കൂറ നാട്ടുകയല്ലീവിണ്ണിൽ?
ഇന്നലെയോളം നാടിൻ ജീവനെ വിറപ്പിച്ച-
വൻനദികളെക്കടിഞ്ഞാൺ പിടിച്ചടക്കവേ,
മർത്ത്യയത്നത്തിന്നഭിമാനമാ, യചഞ്ചല-
ശക്തിദുർഗ്ഗമാ,യണക്കെട്ടുകളുയർന്നില്ലേ?....
കൂരിരുൾ തിങ്ങിക്കെട്ടിക്കൂടിയ, യുഗത്തിന്റെ-
മാറിനെപ്പിളക്കുന്ന വൈദ്യുതകിരണങ്ങൾ-
കൺമിഴിക്കവേ, ജീവചൈതന്യമീനാടിന്റെ-
കൺകളിലുണർവ്വിന്റെ കണ്മഷിയെഴുതുന്നോ?....
വേദനേ നിറമൂട്ടി, നിത്യസത്യങ്ങൾക്കെന്റെ-
ചേതന മററത്വത്തിൻ ഭാവഭദ്രത നല്കേ,
ചിന്തകളാഹ്ലാദത്തിൻ മുന്തിരിച്ചാറിൻ, രാഗ-
തുന്ദിലകളായ് നീന്തിക്കേളിയാടുകയായി!....

(* 1962-'63ൽ Planing Form-ന്റെ ആഭിമുഖ്യത്തിൽ നടത്തിയ കവിസമ്മേളനത്തിൽ
ം സമ്മാനം നേടിയ കവിത.)

മർത്ത്യഭാവനയുടെ പൊൻമണിത്തേരിൽ, ചക്ര-
വർത്തിയാം ശാസ്ത്രൈശ്വര്യസിദ്ധിയുല്ലസിക്കുമ്പോൾ,
തീമണലാരണ്യത്തിൻ നെഞ്ചിലും വസന്തത്തിൻ-
പൂമധു ചുരത്താനോ, കാലത്തിന്നടിമത്തം?....
പിന്നിട്ട സംസ്കാരത്തിൻ സ്പന്ദനങ്ങളിലെല്ലാം
തങ്ങിനിന്നൊരാശാന്ത വിപ്ലവ ധ്വനികളിൽ,-
ഏറ്റുമേലുൽകൃഷ്ടാദർശോക്തികൾ തുടിക്കുന്ന-
നിത്യനൂതനതത്വത്തിൻ കാൽച്ചിലമ്പൊലി കേട്ടു!....
പകലിന്നന്തഃപ്പുര വാതിലും ചാരി, മന്ദ-
മകലും കിനാവിൻെറ ധീരവാഗ്ദാനംപോലെ,
പരിവർത്തനത്തിൻെറ ശില്പികളെങ്ങും, ശ്രീമ-
ത്സുരസൌഭഗം കൊത്തിവെക്കുമീ മുഹൂർത്തത്തിൽ,
രോമാഞ്ചമുൾക്കൊണ്ടെങ്ങും ഭംഗിയിൽ തൃണാങ്കുര-
രോമങ്ങൾ നിവർന്നാത്മ നിവൃതിക്കൊൾവൂ ഭൂമി!
നീലനിമ്നഗ, കൂലംകുത്തിവെൺനുര കോർക്കും-
മാല, സൈകതഭൂവിൻ മാർത്തട്ടിലർപ്പിക്കുമ്പോൾ,
ചുണ്ടിലെ ശൃംഗാരത്തിൻ ചുംബനസുധ, പൂവിൻ-
ചെണ്ടിലർപ്പിപ്പാൻ വെമ്പിപ്പവനൻ തിരക്കുമ്പോൾ,
ഭാവിയെ, പാറിപ്പറന്നെത്തിനോക്കുമോ, വെള്ള-
പ്രാവുകൾ സമാധാന സന്ദേശം പരത്തുമ്പോൾ,
മാനവ പ്രഭാവത്തിൻ യാഗവാജിയെക്കെട്ടാൻ
വാനവരാജേന്ദ്രൻെറ സ്വർഗ്ഗസിദ്ധികൾക്കാമോ?....
കല്പന, സ്വർഗ്ഗീയാനുഭൂതിതൻ, ശൂന്യാകാശ-
ക്കപ്പലിൽ, ഗോളം ചുററിക്കറങ്ങും നിമിഷത്തിൻ-
വക്കിലൂ,ടഭിമാനജൃംഭിതമെന്നാത്മാവിൻ-
വിസ്തൃത നയനത്താലൂഴിയെയുഴിയുമ്പോൾ,
പഞ്ചവത്സരയാഗാശ്വങ്ങൾതൻ കുളമ്പടി-
നെഞ്ചകം കുളിർപ്പിപ്പൊരിന്ത്യയെക്കണ്ടു, താഴെ!!